**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ് -ന്റെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ-സീനിയർ റസിഡൻസി ചെയ്യുന്നതിനുള്ള ശൂന്യവേതന അവധിയ്ക്ക് ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. നിത്യ.വി-യ്ക്ക് ആരോഗ്യ വകുപ്പിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഡോ. നിത്യ.വിയുടെ 15.06.2024 തീയതിയിലെ അപേക്ഷ

**ഉത്തരവ് നം. ഇ.ബി1-3226/2024/ആ.വ.ഡ തീയതി : 04-07-2024**

കാസർഗോഡ് മംഗൽപ്പാടി താലൂക്ക് ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. നിത്യ.വിയ്ക്ക് കോട്ടയം മെഡിക്കൽ കോളേജിൽ സീനിയർ റസിഡൻസി ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിരാക്ഷേപ പത്രം ലഭിച്ചതിനെ തുടർന്ന് 07.07.2023 ന് വിടുതൽ ചെയ്തിരുന്നു. സീനിയർ റസിഡൻസിയുടെ കാലാവധി 09.07.2024 തീയതിയിൽ അവസാനിക്കുന്നതിനാൽ ആരോഗ്യ വകുപ്പിൽ പുനർ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. നിത്യ.വി (PEN: 723981)-യെ കൊല്ലം എ.എ.റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ചു ഉത്തരവാകുന്നു.

2024 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ഡോ. നിത്യ.വി, 10.07.2024 നു ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Nandakumar.k.v
Date: 04-07-2024 20:29:47

ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്

സ്വീകർത്താവ്: ഡോ. നിത്യ.വി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ

പകർപ്പ് : 1 . അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
2. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസറഗോഡ് / കൊല്ലം
3.സൂപ്രണ്ട്, താലൂക്ക് ആശുപത്രി, മംഗൽപ്പാടി/ എ.എ.റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രി, കൊല്ലം
4. ഫയൽ/കരുതൽ ഫയൽ